മലയാളം മാസിക. പുസ്തകം–2, ലക്കം–10. വില 7 രൂപ

Samaja Sandesham Monthly, Mangaluru
Vol. No: 2, Issue No: 10 Price Rs 7/-

കേരള സമാജം (രജി.)
Kerala Samajam Complex, K S Rao Road
Mangaluru. Ph: 0824 2441323
E-mail : keralasamajammangalore@gmai.com
ESTD:1957

# സമാജ സന്ദേശം

ഒരു കേരള സമാജം പ്രസിദ്ധീകരണം

Novmber-2023
നവംബർ – 2023

# അതിരുകൾക്കപ്പുറമുള്ള ഐക്യം തീർക്കാൻ “മംഗളൂരു മലയാളി സംഗമം 2024”

ഒരുമയുടേയും, സ്നേഹത്തിന്റേയും, സൗഹൃദത്തിന്റേയും കൂട്ടായ്മ ഒരുക്കാൻ മംഗളൂരുവിൽ മറുനാടൻ മലയാളികളുടെ കൂടിച്ചേരൽ ‘മലയാളി സംഗമം‘ സംഘടിപ്പിക്കുന്നു. 2024 ജനുവരി 6 ന് മംഗളൂരു ടൗൺ ഹാളിലാണു പരിപാടി. ഉച്ചയ്ക്ക് 3ന് സെന്റ് അലോഷ്യസ് കോളജ് സെന്റിനറി ഗ്രൗണ്ടിൽ നിന്ന് ജ്യോതി സർക്കിൾ വഴി ടൗൺഹാളിലേക്ക് വർണാഭമായ ഘോഷയാത്രയും നടക്കും.

പരിപാടിയിൽ ഗോകുലം ഗോപാലൻ മുഖ്യാതിഥിയായിരിക്കും. പ്രശസ്ത ചലച്ചിത്ര പിന്നണി ഗായകൻ എം.ജി ശ്രീകുമാർ, പ്രശസ്ത സിനിമാ താരം ജയസൂര്യ, കന്നഡ സംഗീത സംവിധായകനും, ഗായകനുമായ ഗ്രുരു കിരൺ എന്നിവർ പങ്കെടുക്കുന്ന താരസംഗമം,മ്യൂസിക്കൽ ഡ്രീംസ് കാലിക്കറ്റ് അവതരിപ്പിക്കുന്ന ഗാനമേള, വിവിധ കലാകാരന്മാർ അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങൾ, വിവിധ കലാപരിപാടികൾ തുടങ്ങിയവ അരങ്ങേറും.

മംഗളൂരു കേരള സമാജത്തിന്റെ നേതൃത്വത്തിൽ കേരള സമാജവും, കർണ്ണാടക നായർ സർവ്വീസ് സൊസൈറ്റി മംഗളൂരു കരയോഗം, കർണ്ണാടക മലയാളി വിശ്വകർമ്മ സമാജം, കൈരളി കലാവേദി സൂറത്ക്കൽ എന്നീ സംഘടനകളും ചേർന്നാണു മലയാളി സംഗമം സംഘടിപ്പിക്കുന്നത്. പരിപാടിയുടെ ഒരുക്ക ങ്ങൾ തുടങ്ങിയതായി സമാജം പ്രസിഡ ന്റ് ടി.കെ രാജൻ, സെക്രട്ടറി മാക്സിൻ സെബാസ്റ്റ്യൻ എന്നിവർ അറിയിച്ചു.

മലയാളി സംഗമം പരിപാടിയുടെ ഇവന്റ് കോ–ഓർഡിനേറ്റർമാരായി സമാജം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം വി.എം. സതീശൻ, കർണാടക നായർ സർവീസ് സൊസൈറ്റി ബോർഡ് മെമ്പർ മുരളി.എച്ച് എന്നിവരെ തിരഞ്ഞെടുത്തു.

പരിപാടിയുടെ ലോഗോ പ്രകാശനം കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് നടന്നു. കേരള സമാജം ജൂബിലി ഹാളിൽ സമാജം പ്രസിഡണ്ട് ടി.കെ രാജൻ, ഇവന്റ് കോ–ഓർഡിനേറ്റർ മാരായ വി.എം.സതീശൻ, മുരളി.എച്ച്, സമാജം സെക്രട്ടറി മാക്സിൻ സെബാ സ്റ്റ്യൻ, കർണ്ണാടക നായർ സർവ്വീസ് സൊസൈറ്റി പ്രസിഡണ്ട് സി.വിജയകുമാർ, സെക്രട്ടറി കേളോത്ത് നാരായണൻ, കൈരളി കലാവേദി പ്രസിഡൻറ് നിക്ലോബോസ്, സെക്രട്ടറി അജിത് കുളായ്, കർണ്ണാടക മലയാളി വിശ്വകർമ്മ സമാജം പ്രസിഡന്റ് സന്ദേഷ്, സെക്രട്ടറി രമേശ് കാപ്പിക്കാട് എന്നിവർ ചേർന്ന് നിർവ്വഹിച്ചു. മംഗളൂരിലെ വിവിധ മലയാളി സംഘടനകളിലെ മലയാളികൾ പങ്കെടുക്കുന്ന വർണ്ണാഭമായ സാംസ്ക്കാരിക ഘോഷയാത്ര, വിവിധ കലാ പരിപാ ടികൾ, സാംസ്ക്കാരിക സമ്മേളനം തുടങ്ങിയവയെല്ലാം പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

യോഗത്തിൽ മലയാളി സംഗമം–2024
(ശേഷം പേജ് 3ൽ)




മലയാളി സംഗമത്തിന്റെ ലോഗോ കേരള സമാജം ഭാരവാഹികളും മലയാളി സംഗമത്തിന്റെ വിവിധ കമ്മറ്റി ഭാരവാഹികളും ചേർനനു പ്രകാശനം ചെയ്യുന്നു.



# സന്ദേശം



മാന്യ മെമ്പർമാരെ,

മംഗളൂരു കേരള സമാജത്തിന്റെ നേതൃത്വത്തിൽ കേരള സമാജവും,കർണ്ണാടക നായർ സർവ്വീസ് സൊസൈറ്റി മംഗളൂരു കരയോഗം, കർണ്ണാടക മലയാളി വിശ്വകർമ്മ സമാജം, കൈരളി കലാവേദി സൂറത്ക്കൽ എന്നീ സംഘടനകൾ ചേർന്ന് സൗഹൃദത്തിന്റെ കൂട്ടായ്മയിൽ നടത്തുന്ന ' മലയാളി സംഗമം 2024 ' എന്ന പരിപാടിയുടെ ഒരുക്കങ്ങൾ തുടങ്ങിയ കാര്യം മാന്യ മെമ്പർമാരെ സ്നേഹപൂർവ്വം ഈയവസരത്തിൽ അറിയിക്കുകയാണ്.
2024 ജനുവരി ആറാം തീയ്യതിയാണ് മലയാളി സംഗമം നടത്തുന്നത്. മംഗലാപുരത്തുള്ള മലയാളികളെയെല്ലാം പങ്കെടുപ്പിച്ച് കൊണ്ട് നടത്തപ്പെടുന്ന ഈ പരിപാടി വൻവിജയമാക്കിത്തീർക്കുവാൻ നിങ്ങളോരോരുത്തരുടേയും സഹായ സഹകരണങ്ങൾ അത്യാവശ്യമാണ്. കൂട്ടായ്മയുടെ പുതിയ വസന്തം തീർക്കാൻ ഉതകുന്നതാകട്ടെ ഈ മലയാളി സംഗമം എന്ന പരിപാടി. പ്രിയമെമ്പർമാർ എല്ലാവരും തന്നെ ഈ പരിപാടിയിൽ പങ്കെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കേരള സമാജത്തിന്റെ പ്രവർത്തനങ്ങൾ മാന്യ മെമ്പർമാരുടെ സഹകരണം കൊണ്ട് മാതൃകാപരമായിത്തന്നെ പ്രയാണം തുടരുന്ന ഈ അവസരത്തിൽ ജാതിമത രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി സമാജത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ നിങ്ങൾ ഓരോ മെമ്പർമാരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.സ്നേഹപൂർവ്വം

ടി.കെ.രാജൻ
പ്രസിഡണ്ട്, കേരള സമാജം
ഫോൺ:09448। 34955

## റിപ്പോർട്ട്



പ്രിയ സുഹൃത്തുക്കളേ...

മലയാളി സംഗമം 2024 എന്ന പരിപാടി നടത്തുവാൻ ഉദ്ദേശിച്ച കാര്യം മാന്യ മെമ്പർമാർ അറിഞ്ഞിരിക്കുമല്ലോ. 2024 ജനുവരി 6 ന് ടൗൺ ഹാളിൽ വെച്ച് നടത്തപ്പെടുന്ന പരിപാടിയിൽ മംഗളൂരുവിലെ വിവിധ മലയാളി സംഘടനകളിലെ മലയാളികൾ പങ്കെടുക്കുന്ന വർണ്ണാഭമായ സാംസ്ക്കാരിക ഘോഷയാത്രയടക്കം മറ്റ് കലാപരിപാടികൾ, സാംസ്ക്കാരിക സമ്മേളനം തുടങ്ങിയവയെല്ലാം സംഘടിപ്പിക്കുന്നതായിരിക്കും.
ശ്രീ.ഗോകുലം ഗോപാലൻ മുഖ്യാതിഥിയായ 'മലയാളി സംഗമം 2024 ' എന്ന പരിപാടിയിൽ പ്രശസ്ത ചലച്ചിത്ര പിന്നണി ഗായകൻ ശ്രീ.എം.ജി ശ്രീകുമാർ, പ്രശസ്ത സിനിമാ താരം ശ്രീ .ജയസൂര്യ, കന്നഡ സംഗീത സംവിധായകനും, ഗായകനുമായ ശ്രീ. ഗുരു കിരൺ എന്നിവർ പങ്കെടുക്കുന്ന താരസംഗമവും, മറ്റ് കലാകാരന്മാർ അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങളും ഉണ്ടായിരിക്കുന്നതായിരിക്കും.
എല്ലാ മാന്യ മെമ്പർമാരും കുടുംബസമേതം പരിപാടിയിൽ പങ്കെടുത്ത് വിജയകരമാക്കിത്തീർക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

എന്ന്
സ്നേഹാശംസകളോടെ
മാക്സിൻ സെബാസ്റ്റ്യൻ
സെക്രട്ടറി
കേരള സമാജം

# ശങ്കരേട്ടാ...

എന്നെ ഞാൻ പരിചയപ്പെടുത്തട്ടെ– ശങ്കരൻ; എല്ലാവരും ശങ്കരേട്ടൻ എന്നു വിളിക്കും. വികലാംഗനാണ്. മൂന്നു ചക്രമുള്ള സ്കൂട്ടറിലാണു യാത്ര. അമ്മ, അഛൻ. ഏട്ടൻ, അനുജൻ എന്നാവരും ഉണ്ട്. അവരോടൊപ്പം സന്തോഷത്തോടെ കഴിയുന്നു.

ഏട്ടനും അനുജനും ഗവൺമെന്റ് സർവീസിലാണ്. അവരുടെ ഭാര്യമാരും സർക്കാർ ജോലിക്കാരാണ്. അവരെന്നെ പൊന്നു പോലെ നോക്കുന്നു. അഛന്റെയും അമ്മയുടെയും ദു:ഖം ഞാനാണ്. 60 ശതമാനം വികലാംഗൻ എങ്കിലും മറ്റു മക്കൾ എന്നെ നന്നായി നോക്കുന്നു എന്നു കാണുമ്പോൾ ആശ്വാസം.

ഇനി കഥയിലേക്ക്... അടുത്ത വീട്, 4 സെന്റ് സ്ഥലവും ഓടിട്ട വീടും. ഭാര്യയും ഭർത്താവും ഒരു മകളും സന്തോഷത്തോടെ കഴിഞ്ഞു വരുന്നു. ഒറ്റ മോൾ മീര പഠിക്കാൻ മിടുക്കി. സുന്ദരി. പത്താം ക്ലാസ് എല്ലാ വിഷയത്തിലും എ പ്ലസ് കിട്ടി വിജയിച്ചു. പ്ലസ് വണ്ണിന് പലയിടത്തും അപേക്ഷിത്ത സമയത്താണ് അനിൽ മരത്തിൽ നിന്നു വീണ് കിടപ്പിലായത്. കുറേ നാൾ ആശുപത്രി വാസം കഴിഞ്ഞ് കിടപ്പു രോഗിയായി വീട്ടിലേക്ക്. ഷൈനിക്ക് ജീവിതത്തിൽ ഇങ്ങിനെ ഒരു മാറ്റം ഉണ്ടാകുമെന്ന് സ്വപ്നത്തിൽ കരുതിയതല്ല. തനിക്ക് ഒരു തൊഴിലും അറിയില്ല. മരുന്നിനും മറ്റും നല്ലൊരു തുക വേണം. ഞാൻ എന്റെ അമ്മയുടെയടുത്ത് ആ കുടുംബത്തിന്റെ അവസ്ഥ പറയാൻ തുടങ്ങിയപ്പോഴേക്കും തന്റെ കുടുംബത്തിൽ ആർക്കും അവരെ സഹായക്കാൻ താൽപര്യവും ഇല്ല. എനിക്ക് സങ്കടമായി. എന്തു ചെയ്യും? ഒന്നും ചെയ്യാനാകില്ല. വികലാംഗനായ താൻ ദുഖങ്ങളെല്ലാം മനസ്സിലൊതുക്കി. അല്ലാതെന്തു ചെയ്യാൻ?

മീര സ്വയം ഒരു തീരുമാനമെടുത്തു. അച്ഛന്റെ അസുഖം മാറില്ല. അമ്മയാണെങ്കിൽ ഒന്നും ആവില്ല. ജോലിക്ക് ഒന്നും പോയി ശീലമില്ല. ടൗണിൽ വലിയ ഒരു തുണിക്കടയുണ്ട്. അവിടെ ഒരു ജോലി കിട്ടിയിരുന്നെങ്കിൽ എന്നാശിച്ചു. തന്റെ സ്കൂളിൽ രണ്ടു വർഷം സീനിയറായി പഠിച്ച ഷാജി അണ്ണൻ നല്ല ഫ്രണ്ടാണ്. അടുത്തു തന്നെയാണ് വീട്. അദ്ദേഹത്തോട് അന്വേഷിക്കാൻ പറഞ്ഞു. രാവിലെ ഷാജി കോളജിൽ പോകുമ്പോൾ പറഞ്ഞതാണ്. വൈകുന്നേരം 6 മണിക്ക് തിരിച്ചു വരുമ്പോൾ മീര കാത്തു നിന്നു അവനെ. ഷാജി ജോലി പറഞ്ഞു ശരിയാക്കി. നാലായിരും രൂപ... മതി. ഒന്നാം തിയതി മുതൽ ജോലി. രണ്ട് ദിവസം ട്രെയിനിങ്.



പുഷ്പരാജൻ
കെഎച്ച്ബി കോളനി
യക്കൂർ

താൻ ജോലിക്ക് കയറി 10 വർഷം പിന്നിട്ടിരിക്കുന്നു. തനിക്ക് 27 വയസ്സായി. ഷാജിയേട്ടൻ തന്നെ വിവാഹം കഴിക്കുമെന്നാശിച്ചു. ഇന്നല്ല ആശിച്ചത്, പത്താം ക്ലാസ് കഴിഞ്ഞ് പ്ലസ് വണ്ണിന് ചേരണം എന്ന ആ കാലഘട്ടത്തിൽ. ഒരു പക്ഷേ ഷാജി അണ്ണനും വിചാരിച്ചു കാണും. അപ്പോഴാണല്ലോ ജീവിത താളം നിലച്ചതും. ഇന്ന് ഷാജിയേട്ടൻ കേന്ദ്രസർക്കാർ ജോലിക്കാരൻ. അദ്ദേഹത്തിന്റെ സഹധർമിണിയും സർക്കാർ ഉദ്യോഗസ്ഥ. മക്കൾ രണ്ടു പേർ. തന്റെ ഉള്ളിൽ നേരിയ നീറ്റൽ– ദൈവം തന്റെ കുടുംബത്തെ ഇത്രമാത്രം ദ്രോഹിക്കാൻ എന്താണ് കാരണമെന്നോർത്ത്.

സ്വർഗമായിരുന്നു ഞങ്ങളുടെ കുടുംബം, അഛന്റെ അപകടം വരെ. ചിന്തിക്കാനൊന്നും സമയമില്ല. 8 മണി മുതൽ 8 മണി വരെ ജോലി. ഒന്നിരിക്കാന് പോലും പറ്റില്ല കടയിൽ. അത്ര തിരക്ക്. മാർവാടിയാണ് മുതലാളി. 16 പെൺകുട്ടികൾ ഉണ്ട്. എല്ലാവരുടെയും അവസ്ഥ ഏതാണ്ട് ഇതുപോലെത്തന്നെ, കാലു കടയുമ്പോൾ ഒന്നിരിക്കാൻ പോലും ആകാത്ത ഒരു തൊഴിലിടമാണ് ഇത്. ഇപ്പോൾ ശമ്പളം 9,000 രൂപയാക്കി.

കഴിഞ്ഞ മാസം മീരയുടെ തെങ്ങ് അടുത്ത വീട്ടിലേക്ക് ചരിഞ്ഞു നിൽക്കുന്നുവെന്ന് പറഞ്ഞ് നിർബന്ധപൂർവം തെങ്ങ് മുറിക്കണമെന്ന് ശഠിച്ചു ശങ്കരേട്ടന്റെ അമ്മ. നിവൃത്തിയില്ല. വെട്ടാൻ പറഞ്ഞു. 4,600 രൂപ വെട്ടുകാരനു കൊടുത്തു. കടയിൽ നിന്ന് അഡ്വാൻസ് വാങ്ങി. വേറെ വഴിയില്ല. ഇനി ഈ മാസം 4,400 മാത്രം. മരുന്നിന് 1,500 രൂപ. ബാക്കി കൊണ്ടു വേണം ജീവിക്കാൻ.

തുണിക്കടയിൽ നല്ല തിരക്കാണ്. സീസൺ തുടങ്ങി. ഒരു സാരി വാങ്ങിക്കാൻ വരുന്നവർ 10–20 സാരി എടുത്തു കൊണ്ടു പോയി നോക്കി തിരിച്ചിടും. അങ്ങനെ അങ്ങനെ രാത്രി വരെ ഇതു തന്നെ. കൈകാൽ കടച്ചിൽ. എന്തു ചെയ്യും? തന്നെപ്പോലെ ലക്ഷക്കണക്കിന് കുട്ടികൾ ഇതേ പോലെ പണിയെടുക്കുന്നു. ജീവിതച്ചെലവ് വളരെയധികം കൂടിയ ഇക്കാലത്ത് എങ്ങിനെ ഒരു കുടുബം നോക്കും? തന്റെ പരിചയക്കാരെയൊക്കെ നല്ല അവസ്ഥയിൽ കാണുമ്പോൾ തനിക്ക് സങ്കടം വരും. ആരുമറിയാതെ ഇടക്കൊക്കെ കണ്ണീർ പൊഴിയും. കണ്ണീർ കാണാതിരിക്കാൻ മുഖം കഴികാൻ പോയി കരഞ്ഞു തീർത്തു വരും.

എല്ലാവരെ പോലെ ഒന്നരിക്കാൻ പറ്റിയാൽ, ഒന്ന് ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, ഒന്നു മനസു തുറന്ന് സന്തോഷിക്കാൻ ആയെങ്കിൽ, മറ്റു മനുഷ്യരെപ്പോലെ കഴിയുവാനുള്ള ഭാഗ്യം ലഭിച്ചിരുന്നുവെങ്കിൽ എന്നാശിക്കുന്ന മീരമാർ ലക്ഷക്കണക്കിനുണ്ടെന്ന വസ്തുത നാമോർക്കണം. ദുസ്സഹമായ ജീവിത യാഥാർഥ്യങ്ങളിലൂടെ സഞ്ചരിക്കുന്ന ഇത്തരത്തിലുള്ള അസംഘടിത മേഖലയിലുള്ള മനുഷ്യരുടെ വിലാപം, സങ്കടങ്ങൾ, ജീവിത പ്രശ്നങ്ങൾ അധികാര വർഗം ഇത്ര നാളായും ശ്രദ്ധിക്കുന്നില്ല എന്നത് സത്യം മാത്രമാണ്. ഇനിയും ഇത്തരത്തിലുള്ള മനുഷ്യരുടെ വേദനകൾ മനസിലാക്കാൻ ഒരു ദൈവദൂതൻ വരുമെന്ന് ശങ്കരേട്ടന് ഉറപ്പില്ല. എങ്കിലും ഒന്നുറപ്പാണ്, ആരെങ്കിലും വരും– ഇവരുടെ ജീവിതത്തിന്റെ, സഹജീവികളുടെ പ്രശ്നങ്ങൾ മനസിലാക്കി അവർക്കു വേണ്ടി ശബ്ദമുയർത്താന് തീർച്ചയായും വരുമെന്ന്!

സർക്കാരിന്റെ നയപരമായ ഇടപെടലുകൾ അനിവാര്യമാണ്. അസംഘടിത സമൂഹത്തിന്റെ പെടാപ്പാടുകൾ കാണാനും കേൾക്കാമുള്ള സാഹചര്യം ഉണ്ടാകണം. ജീവിത നിലവാരം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ ഉണ്ടാകണം. ഇവരുടെ പ്രശ്നങ്ങൾ അനുഭാവപൂർവം പഠിച്ച് സത്വരമായി നടപടികൾ സ്വീകരിക്കണം. ലക്ഷക്കണക്കിന് സഹോദരീ–സഹോദരന്മാർ ഇത്തരത്തിൽ ജീവിതത്തിലെവിടെയും എത്തിപ്പെടാതെ ഇരുണ്ട ജീവിത സാഹചര്യങ്ങളിൽ ആരോരുമില്ലാതെ ജീവിക്കുന്നുണ്ടെന്ന വസ്തുത മനസിലാക്കണം.

ജീവിതത്തിന്റെ നിലവാരത്തകർച്ച വളരെ ദയനീയമാണ്! പൂർണ ഉത്തരവാദിത്വം സർക്കാരിനാണ്. കഷ്ടപ്പെടുന്ന എല്ലാ തരം മനുഷ്യരുടെയും പ്രയാസങ്ങൾ മനസിലാക്കാൻ സർക്കാർ വളരെ സത്യസന്ധമായ സാമ്പത്തിക സർവേ നടത്തി അർഹരായവർക്ക് വേണ്ടുന്ന സാമ്പത്തിക സഹായങ്ങൾ കാലാനു

ശേഷം പേജ് 3ൽ

# മലയാളി സംഗമം: വിവിധ കമ്മറ്റി ഭാരവാഹികൾ


വി.എം. സതീശൻ,


മുരളി.എച്ച്


പി.രാജൻ


സി.വിജയകുമാർ


ടി.എ.അശോകൻ


കെ.വിജയകുമാർ


നിക്ലോബോസ്



വാസുദേവൻ


നാരായണൻ കേളോത്ത്


അജയകുമാർ


ദിനേശ്


സി.എസ്.പ്രദീപ്


പി.കെ.എസ്.പിള്ള


അജിത് കുമാർ കുളായ്


രമേശ് കാപ്പിക്കാട്


ഗോപാലൻ നായർ


ഇ.സി.സണ്ണി


സന്ദേശ്

## മലയാളി സംഗമം: വിവിധ കമ്മറ്റികൾ രൂപീകരിച്ചു

മലയാളി സംഗമത്തിന്റെ വിജയത്തിനും, സുഗമമായ പ്രവർത്തനങ്ങൾക്കും വേണ്ടി കോർഡിനേറ്റർമാരായ വി.എം. സതീശൻ, മുരളി.എച്ച് എന്നിവർ ചേർന്ന് വിവിധ കമ്മിറ്റികൾക്ക് രൂപം നൽകി. വിവിധ കമ്മറ്റികൾക്ക് ചുവടെ പറയുന്നവർ നേതൃത്വം നൽകും.

ലീഡർഷിപ്പ് ടീം– ടി.കെ രാജൻ, സി.വിജയകുമാർ, സന്ദേശ്, നിക്ളോബോസ്.

ഫിനാൻസ് ആൻഡ് പർച്ചേസ് കമ്മറ്റി– പി.രാജൻ, മാക്സിൻ സെബാസ്റ്റ്യൻ, ഗോപാലൻ നായർ, കെ.വിജയകുമാർ, വാസു ദേവൻ.

പി.ആർ. കമ്മറ്റി– പി.കെ.എസ് പിള്ള, സി.വിജയകുമാർ.

വിഐപി ഗസ്റ്റ് ടീം– ടി.എ അശോകൻ.

പ്രോഗ്രാം കമ്മറ്റി– അജിത് കുളായ്, നാരായണൻ കേളോത്ത്.

സ്റ്റേഡ് കമ്മറ്റി– സി.എസ് പ്രദീപ് കുമാർ, രമേഷ് കാപ്പിക്കാട്.

ഘോഷയാത്ര ടീം– സന്ദേശ്, നിക്ളോബോസ്.

ഹോസ്പിറ്റാലിറ്റിടീം– അജയ്കുമാർ, ദിനേശ്.

വിവിധ മേഖലകളിൽ മികവ് കാണിച്ച പ്രതിഭകളെ ആദരിക്കുന്നതിനുള്ള കമ്മിറ്റി– സണ്ണി.


മലയാളി സംഗമത്തിന്റെ ലോഗോ രൂപകൽപന ചെയ്ത ശ്രീരാജ്

## മംഗളൂരു മലയാളി സംഗമം 2024...

(പേജ് 1ൽ നിന്ന് തുടർച്ച)

ലോഗോ ഡിസൈൻ ചെയ്ത് നൽകിയ സമാജം യൂത്ത് വിങ്ങ് കൺവീനർ ശ്രീരാജിനെ അഭിനന്ദിച്ചു. മലയാളി സംഗമം–2024 വൻ വിജയമാക്കാൻ മംഗളൂരുവിലെ ഓരോ മലയാളി സുഹൃത്തുക്കളുടേയും അകമ ഴിഞ്ഞ സ്നേഹവും, സഹകരണവും സംഘടനാപരമായ മികവും ഉണ്ടാകണമെന്ന് ഭാരവാഹികളായ സതീശൻ, മുരളി എന്നിവർ അഭ്യർത്ഥിച്ചു.

എല്ലാ മലയാളി സുഹൃത്തുക്കളും കുടുംബ സമേതം പരിപാടിയിൽ പങ്കെടുക്കണമെന്ന് കേരള സമാജം പ്രസിഡണ്ട് ടി.കെ രാജൻ, സെക്രട്ടറി മാക്സിൻ എന്നിവർ അറിയിച്ചു.

### ശങ്കരേട്ടാ...

(പേജ് 2ൽ നിന്ന് തുടർച്ച)

സൃതമായി നൽകണം.

താൻ മാത്രം സന്തോഷിച്ചാൽ പോരാ, തന്റെ ചുറ്റിലും ഉള്ളവരും സന്തോഷിക്കണം. അവർ ദുഖത്തിലാകരുത്. അവരുടെ വിഷമങ്ങൾ തന്റെ കൂടി വിഷമങ്ങളാണെന്ന് മനസിലാക്കുക. എല്ലാ വിഭാഗം ജനങ്ങളെയും കൂടെ നിർത്തുക. നാമെല്ലാവരും ഒന്നാണ്– ലോകാ സമസ്താ സുഖിനോ ഭവന്തു.

കഷ്ടപ്പെടുന്ന അസംഘടിത ജനവിഭാഗത്തിനു വേണ്ടി അവർക്കാശ്വാസമാകുന്ന രീതിയിലുള്ള തീരുമാനങ്ങളെടുത്ത് ഇവരെ മുഖ്യധാരയിലേക്ക് നയിക്കേണ്ടത് മാറിമാറി വരുന്ന സർക്കാരുകൾ മാത്രമാണ്. ശങ്കരേട്ടൻ കഥ നിർത്തുകയാണ്. കഥയല്ല ഇത്, പച്ചയായ ജീവിത യാഥാർഥ്യങ്ങൾ. നാം ആളോഹരി വരുമാനം അഥവാ പ്രതിശീർഷ വരുമാനം കണക്കാക്കുമ്പോൾ ഇത്തരം ഒറ്റപ്പെട്ടു കഴിയുന്ന ജനങ്ങളെ ഒഴിവാക്കണം. അഥവാ ഇവരെ കൂടി ആ കണക്കിൽ പെടുത്തുകയാണെങ്കിൽ ഈ പാവങ്ങളുടെ പ്രതിശീർഷ വരുമാനം കൂടി ഇവരും ഉദ്യോഗസ്ഥ തലത്തിലുള്ള വരുമാനം ഉള്ളവരായി കണക്കാക്കപ്പെടും. ഇതൊരു ദേശീയ വരുമാനത്തിലോ പ്രതിശീർഷ വരുമാനത്തിലോ പെടുന്ന കണക്കല്ല. ഇവരെ കൂടി ഈ കണക്കിൽ പെടുത്തിയാൽ കാക്കത്തൊള്ളായിര കണക്കാകും.

ശങ്കരേട്ടൻ ആരെയും നോവിക്കാനല്ല ഒരു വിഭാഗത്തിനു നേരെ വിരൽ ചൂണ്ടിയത്. നന്മ മാത്രമേയുള്ളൂ. വികലാംഗനാണെങ്കിലും പൂർണതയിലേക്കുള്ള പ്രയാണത്തിലാണ്. ഈ യാത്രയിലാണ് മീര മോളെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്തിയതും ആ ജനവിഭാഗത്തിന്റെ എനിക്കറിയാവുന്ന പ്രശ്നങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചതും.

സ്നേഹപൂർവം,
ശങ്കരേട്ടൻ.


## Bride Wanted



Name: Vyshak V
Age: 32 (Dob: 1-11-1991)
Star: Pooram
Cast: Hindu Ezhava
Height: 5.8 inch
Education: B.Tech Computer science.
Job: Software Engineer in private IT firm, Bangalore.
Present Address: No 16, 10th main, muthyala nagar, Bangalore-560054.
Native place: Kottayam.
Settled: Bangalore.
Father name: Vijayan NK
Occupation: Business
Mother name: Sarala
Occupation: Housewife
Contact number: +919845142696

# പ്രിയപ്പെട്ട നാരായണേട്ടൻ



**റാണി കലാധർ**

കേരള സമാജത്തിലേക്ക് വരുന്നവരെ സ്നേഹിച്ച് കൊതി തീരുന്നതിന് മുന്നേ വിട വാങ്ങിയ പ്രിയപ്പെട്ട നാരായണേട്ടൻ.

തന്റെ സ്നേഹോഷ്മളമായ വ്യക്തിത്വം കൊണ്ട് സമാജത്തിൽ മറ്റൊരു ലോകം സൃഷ്ടിച്ചു എന്ന് തന്നെ നിസ്സംശയം പറയാം. നാരായണേട്ടനെക്കുറിച്ച് ഓർക്കുമ്പോൾ ചിരിച്ചതും ചിരിപ്പിച്ചതും ഓർത്ത് സങ്കടപ്പെടും.

ഞാനാദ്യമായി ഇദ്ദേഹത്തെ കാണുന്നത് സമാജം കുടുംബ സംഗമത്തിലെ ഒരു സ്കിറ്റിൽ 'തമ്പുരാന്റെ' വേഷമിട്ട് അഭിനയിച്ച് കൊണ്ടിരുന്നപ്പോഴാണ്.

ഏതെങ്കിലും പ്രൊഫഷണൽ നാടക നടൻ ആയിരിക്കുമെന്നാണ് അന്ന് കരുതിയത്. കാരണം ഇദ്ദേഹത്തിന്റെ അഭിനയം കണ്ട് സദസ്സാകെ ഇളകി മറിഞ്ഞ ദിവസം തന്നെയായിരുന്നു അന്ന്.

നാടകം തീർന്നപ്പോൾ സദസ്സിൽ വെറുതെ ഞാൻ ഈ 'തമ്പുരാനെ' തിരഞ്ഞു. നല്ല കസവ് മുണ്ടുടുത്ത് വേഷ്ടി കഴുത്തിലൂടെയിട്ട് കുടുമയൊക്കെ വെച്ച് അലസമായ ഒരു മന്ദഹാസത്തോടെ സദസ്സിൽ ഒരു മൂലയ്ക്കിരിക്കുന്നു.

അന്ന് ഞാൻ അങ്ങോട്ട് ചെന്ന് പരിചയപ്പെട്ടപ്പോൾ വളരെ ശാന്തനായി, വളരെ പതുക്കെ തനി കണ്ണൂർ ഭാഷയിൽ ബഹുമാനമുയർത്തും വിധം എന്നോട് ചിരിച്ച് കൊണ്ട് പറഞ്ഞത് ഞാൻ ഒരു പ്രൊഫഷനൽ നടനും അല്ല, കലാകാരനും അല്ല. ഞാനൊരു വഴി പോക്കനാണ്. ഇവിടത്തെ കലാവിഭാഗം ടീം എന്നെ പിടിച്ച് നടനാക്കിയതാണ് എന്നൊക്കെ തമാശ പറഞ്ഞ് ചിരിപ്പിച്ചതെല്ലാം ഇന്നലെ എന്നപോൽ ഇപ്പോൾ ഓർമ്മിക്കുകയാണ് .

ഇദ്ദേഹത്തെ പരിചയമില്ലാതിരുന്നവർക്ക് വളരെ വേഗത്തിൽ ചിരപരിചിതനാകാൻ സാധിക്കുന്ന തരത്തിലുള്ള വ്യക്തിത്വത്തിന് ഉടമയാണെന്ന് പെട്ടെന്ന് തന്നെ മനസ്സിലായി.

നമ്മുടെ യുവജന വിഭാഗത്തിലെ കുട്ടികളുടെ പ്രിയപ്പെട്ട 'നാരായണൻ അങ്കിൾ ' .അവരോടൊപ്പം ഏതൊരു പരിപാടിയിലും വളരെ ഉൽസാഹത്തോടെ പ്രായം മറന്ന് ആടിപ്പാടി ഉല്ലസിച്ച് നടന്നിരുന്ന 'നാരായണ്‍ അങ്കിൾ' വലിപ്പചെറുപ്പമില്ലാതെ എല്ലാവരുടേയും ഇഷ്ട തോഴൻ.

നാരായണേട്ടൻ നാടക കലാകാരനോ, ഡാൻസറോ, വിദ്യാഭ്യാസം കൂടുതൽ നേടിയ വ്യക്തിയോ, വലിയ ബിസിനസ് കാരനോ ഒന്നുമല്ല. പക്ഷെ തമാശ കൊണ്ടും, സ്നേഹം കൊണ്ടും, ആതിഥ്യ മര്യാദ കൊണ്ടും തനിക്ക് ചുറ്റുമുള്ള പ്രിയപ്പെട്ട നാരായണേട്ടൻത്ത പ്രകാശ മാനമാക്കാൻ കഴിഞ്ഞിരുന്ന ഒരു സാധാരണ മനുഷ്യൻ.

അസുഖ ബാധിതനായി സമാജത്തിലേക്ക് വരാതിരുന്നപ്പോഴൊക്കെ, പ്രസിഡണ്ടിന്റെ റൂമിലേക്ക് ചെല്ലുന്നതിന് മുൻപുള്ള വാതിലിന്റെ അറ്റത്ത് മറ്റുള്ളവർ വരുന്നതും നോക്കി രണ്ട് കൈയ്യും കൂപ്പി പിടിച്ച് എല്ലാവർക്കും ഡബിൾ നമസ്ക്കാരവും പറഞ്ഞ് നാരായണേട്ടൻ നിൽപ്പുണ്ടെന്ന് ചിലപ്പോഴൊക്കെ തോന്നിയിരുന്നു.

അതുമല്ലെങ്കിൽ സമാജത്തിലേക്ക് മീറ്റിംങ്ങിനും മറ്റുമായി എത്തിച്ചേർന്നവരുടെ തലയെണ്ണി ചായ ഉണ്ടാക്കിക്കൊണ്ടു വരുമെന്ന്.... കാപ്പി വേണ്ടവർക്ക് കാപ്പി. ചായക്ക് മധുരം കൂടുതൽ വേണ്ടവർക്ക് പഞ്ചസാര ധാരാളം ഇട്ടിട്ടുള്ള ചായ.... അതുമല്ലെങ്കിൽ ഗ്രീൻ ടീ.... ഇങ്ങനെ പോകുന്നു നാരായണേട്ടന്റെ സൽക്കാരം. ചായ കുടി കഴിഞ്ഞാൽ വൃത്തിയായും ഭംഗിയായും ഓരോ ഗ്ലാസ്സും, മറ്റ് പാത്രങ്ങളും കഴുകി തുടച്ച് ഷെൽഫിൽ വെക്കുന്ന അടുക്കും ചിട്ടയും കാണേണ്ടത് തന്നെയാണ്.

എല്ലാവരേയും ചേർത്തു പിടിച്ച് നിറഞ്ഞ ചിരി ചിരിച്ച് കേരള സമാജത്തിനകത്ത് ഏകദേശം ഒരു കൊല്ലമായി പോസിറ്റീവ് എനർജിയുടെ ഒരു ബണ്ടിൽ തന്നെ നൽകിക്കൊണ്ടിരുന്ന ഒരു സാധാരണ മനുഷ്യൻ ഇന്നില്ല.

കേരള സമാജത്തിൽ കണ്ടിട്ടുള്ളതിൽ വെച്ച്, പരിചയപ്പെട്ടിട്ടുള്ളവരിൽ വെച്ച് ഒരു പക്ഷെ ഏറ്റവും വിനയാനിത്വനായ മനുഷ്യൻ ആരെന്ന് ചോദിച്ചാൽ ഞാൻ മറുപടി പറയും അത് നാരായണേട്ടൻ തന്നെയാണെന്ന്..

അപര വിദ്വേഷവും, വെറുപ്പും, പലതരം അഭിനയങ്ങളും കൈമുതലായി കൊണ്ട് നടക്കുക്കുന്നവർക്ക് മുന്നിൽ ഇദ്ദേഹം വ്യത്യസ്തനാണ്.


പല തരത്തിലാണ് നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ ആളുകൾ കയറിക്കൂടുന്നത്. സമാജത്തിലേക്ക് ചെല്ലുമ്പോൾ എനിക്ക് നാരായണേട്ടൻ നിറഞ്ഞ ഒരു ചിരിയായിരുന്നു. ചിലപ്പോൾ ഒരു പിതാവിന്റെയെന്ന പോലെ കരുതലുള്ള ഒരു കൈ ആയിരുന്നു.

കാലത്തിനൊപ്പം ചിലർ കടന്നു പോകുമ്പോഴേ അവരുടെ പ്രതിഭയേയും വ്യക്തിത്വത്തേയുമൊക്കെക്കുറിച്ച് നാം തിരിച്ചറിയാറുള്ളത്. പക്ഷെ ജീവിച്ചിരിക്കുമ്പോൾ തന്നെ ആരേയും ആകർഷിക്കുന്ന വ്യക്തികളെ പറ്റി നമുക്ക് തിരിച്ചറിയാൻ സാധിക്കുകയെന്നത് വലിയ കാര്യമാണ്. നാരായണേട്ടൻ അക്കൂട്ടത്തിലൊരാളായിരുന്നു.

മരണവാർത്ത തേടിയെത്തിയത് ഉറക്കത്തിനിടയിലായിരുന്നു. സമാജത്തിലെ ഒട്ടുമിക്ക ആളുകളേയും ഒരു പോലെ ഞെട്ടിച്ച നാരായണേട്ടന്റെ മരണം മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു.

സ്നേഹിച്ചവരെയെല്ലാം തോല്പിച്ചു കളഞ്ഞ് കുറഞ്ഞ കാലയളവിൽ സ്നേഹിച്ചും, ഇഷ്ടപ്പെട്ടും, തമാശ പറഞ്ഞും മതിയാവാതെ വളരെ പെട്ടെന്ന് നമ്മളെ വിട്ട് സുഖ സുഷുപ്തിയിലേക്ക് പോയ പ്രിയപ്പെട്ട നാരായണേട്ടന് ആദരാഞ്ജലി അർപ്പിക്കുന്നു.

## ആദരാഞ്ജലികൾ



**എസ്.എ.നാരായണൻ നമ്പ്യാർ**

ജനനം: 06–07–1949 മരണം: 22–11–2023

നാരായണേട്ടന് ആദരാഞ്ജലികൾ അർപ്പിക്കുന്നു

**കേരള സമാജം, മംഗളൂരു**


## സമാജ സന്ദേശത്തിൽ പരസ്യം നൽകാൻ ബന്ധപ്പെടുക

**ഫോൺ: 0824 2441323**

**2022 ഏപ്രിൽ 1നു നിലവിൽ വന്ന പരസ്യ നിരക്ക് (ചതുരശ്ര സെന്റീമീറ്ററിന്)**

| വാണിജ്യ പരസ്യങ്ങൾ | വ്യക്തിഗത പരസ്യങ്ങൾ |
|---|---|
| ഒന്നാം പേജ്: 25 രൂപ | ഒന്നാം പേജ്: 20 രൂപ |
| ബാക്ക് പേജ്: 20 രൂപ | ബാക്ക് പേജ്: 15 രൂപ |
| ഉൾപേജ്: 15 രൂപ | ഉൾപേജ്: 10 രൂപ |

തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് പ്രസിദ്ധീകരിക്കുന്ന കാലയളവ് പരിഗണിച്ച് നിരക്കിളവ് നൽകുന്നതാണ്. കേരള സമാജം അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും വ്യക്തിഗത പരസ്യങ്ങൾക്ക് 25 ശതമാനം നിരക്ക് ഇളവ് ലഭ്യമാണ്.


## സൃഷ്ടികൾ ക്ഷണിക്കുന്നു

മംഗളൂരു കേരള സമാജം പ്രസിദ്ധീകരണമായ സമാജ സന്ദേശം മാസികയിലേക്ക് കഥ, കവിത, ലേഖനം, ചിത്രങ്ങൾ തുടങ്ങിയ സൃഷ്ടികൾ ക്ഷണിക്കുന്നു. ചിത്രങ്ങൾ നേരിട്ട് ഏൽപിക്കുകയോ സ്കാൻ ചെയ്ത് അയക്കുകയോ ചെയ്യേണ്ടതാണ്. മൊബൈൽ ഫോണിൽ ഫോട്ടോ എടുത്ത് അയക്കുന്ന ചിത്രങ്ങൾ സ്വീകാര്യമല്ല. സമാജം അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും സൃഷ്ടികൾക്ക് മുൻഗണന.

അയക്കേണ്ട വിലാസം:
സമാജ സന്ദേശം,
കേരള സമാജം ഓഫിസ്,
കെ.എസ്.റാവു റോഡ്,മംഗളൂരു–575001.
ഇ–മെയിൽ: samajasandesham@gmail.com

Edited, Printed and Published by T.K.Rajan on behalf of Kerala Samajam, K.S.Rao Road, Mangaluru-575001. Ph: 0824 2441323. E-Mail: samajasandesham@gmail.com.
Vol: 2. No: 10. Printed at Assisi Press, Assisi Complex, Jail Road, Bejai, Mangaluru- 575003. DTP: VM Communications (Ph: 8762234372)